GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

24th July 2015

## പ്രവാസികൾക്ക് ഇ – ബാലറ്റ്/ ഇ – വോട്ടിംഗ് ഏർപ്പെടുത്താൻ നിർവാഹമില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വരുന്ന തദ്ദേശസ്വയം ഭരണ പൊതുതിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് ഇ-ബാലറ്റ്/ ഇ-വോട്ടിംഗ് ഏർപ്പെടുത്തുന്നതിന് നിർവാഹമില്ലെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന സർക്കാരിനെ അറിയിച്ചു. ഇത് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ കത്തിനുള്ള മറുപടിയിലാണ് ഇക്കാര്യം അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രവാസികൾക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ നടപ്പാക്കിയിട്ടുള്ള വോട്ടു ചെയ്യുവാനുള്ള സൗകര്യം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തുന്നതാണ്.

പ്രവാസികൾക്ക് നേരിട്ടെത്തി വോട്ട് ചെയ്യുന്നതിനുള്ള സംവിധാനത്തിനു ബദലായുള്ള നിർദ്ദേശങ്ങൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. സുപ്രീംകോടതി വിധി ഇക്കാര്യത്തിൽ നിർണ്ണായകമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. ഈ വർഷം നവംബർ ഒന്നിന് പുതിയ ഭരണ സമിതികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ചുമതലയേൽക്കേണ്ടതുള്ളതിനാൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചുരുങ്ങിയ സമയപരിധിക്കുള്ളിൽ നിഷ്പക്ഷവും കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ പ്രവാസികൾക്ക് വോട്ടുകൾ രേഖപ്പെടുത്തുന്നതിനും അതു കൃത്യമായി എണ്ണുന്നതിനും ഇ-ബാലറ്റ്/ ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 22000-ൽപരം നിയോജകമണ്ഡലങ്ങളിലായി ഒരു ലക്ഷത്തിൽപരം സ്ഥാനാർത്ഥികൾ വരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇത്തരം ബൃഹത്തായ ഒരു തിരഞ്ഞെടുപ്പിൽ ഓരോ നിയോജക മണ്ഡലത്തിലെയും ബാലറ്റുപേപ്പറുകൾ പ്രവാസി വോട്ടർമാർക്ക് ലഭ്യമാക്കുകയും അവർക്ക് ഇ-ബാലറ്റ്/ഇ-വോട്ടിംഗ് വഴി വോട്ട് രേഖപ്പെടുത്തുവാൻ സൗകര്യം ഒരുക്കുകയും ചെയ്യുക എന്നത് ഇനി അവശേഷിക്കുന്ന രണ്ട് മാസങ്ങൾകൊണ്ട് നടപ്പാക്കാൻ കഴിയില്ലെന്ന് കത്തിൽ പറയുന്നു.

പുതിയ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ രൂപീകരണത്തിൽ ഉണ്ടായ കാലതാമസം കാരണം അവയുടെ ഡീലിമിറ്റേഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അത്തരം സ്ഥാപനങ്ങളുടെ വാർഡ്/നിയോജകമണ്ഡല വിഭജനവും അവയുടെ അതിർത്തി നിർണ്ണയവും പൂർത്തീകരിച്ചശേഷം വോട്ടർപട്ടിക പുനർവിന്യസിച്ച് പ്രസിദ്ധീകരിക്കേണ്ടതും പുതിയ പോളിംഗ് ബൂത്തുകൾ സ്ഥാപിക്കേണ്ടതും അതുമായി ബന്ധപ്പെട്ട നടപടികൾ എല്ലാം ചെയ്യേണ്ടതായിട്ടുമുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഡീലിമിറ്റേഷൻ കമ്മീഷന്റെ ചെയർമാൻ ആയതിനാൽ അടിയന്തിരമായി

ചെയ്യുതുതീർക്കേണ്ട ഡീലിമിറ്റേഷൻ നടപടികളിൽ ഇപ്പോൾ പൂർണ്ണമായും ഏർപ്പെടേണ്ടിവന്നിരിക്കുന്നു. കൂടാതെ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളും പുനർരൂപീകരിച്ചുകൊണ്ട് പ്രിലിമിനറി നോട്ടിഫിക്കേഷൻ മാത്രമാണ് ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ളത്. അവയുടെ ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് അംഗങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിച്ച് അറിയിച്ചതിനുശേഷം മാത്രമേ അത്തരം സ്ഥാപനങ്ങളുടെ ഡീലിമിറ്റേഷൻ നടത്തുവാനും അതിനുശേഷം ജില്ലാപഞ്ചായത്തുകളുടെ ഡിവിഷനുകളുടെ അതിർത്തി പുനർനിർണ്ണയിച്ച് അവയുടേയും വോട്ടർപട്ടിക തയ്യാറാക്കിയതിനും ശേഷം മാത്രമേ തിരഞ്ഞെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികളിലേക്ക് പോകുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഇ-ബാലറ്റ്/ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമോ സാദ്ധ്യമോ അല്ല.

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 74, 74എ വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 130, 130എ വകുപ്പുകളും പ്രകാരം പേപ്പർ ബാലറ്റ് വഴിയോ ഇ.വി.എം വഴിയോ മാത്രമേ വോട്ട് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. കൂടാതെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ളവർക്ക് പോസ്റ്റൽ ബാലറ്റിനുള്ള വ്യവസ്ഥയും ഉണ്ട്. എന്നാൽ ഇ- ബാലറ്റ്/ ഇ-വോട്ടിംഗ് അനുവദിച്ചുകൊണ്ട് 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ ആവശ്യമായ ഭേദഗതികളും അപ്രകാരമുള്ള ഇ-ബാലറ്റ്/ഇ-വോട്ടിംഗ്-ന്റെ വിശദാംശങ്ങളും നടപടിക്രമങ്ങളും വ്യവസ്ഥ ചെയ്തുകൊണ്ട് കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് നടപടി ചട്ടങ്ങളും ഭേദഗതിചെയ്യേണ്ടതായിട്ടുണ്ട്. അപ്രകാരം ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനു മുമ്പായി വിശദമായ ചർച്ചകളും പരിശോധനകളും ആവശ്യവുമാണ്. അവയെല്ലാം ഈ സന്ദർഭത്തിൽ പ്രായോഗികമല്ല.

കേരളത്തിലെ പ്രവാസി ജനസംഖ്യയിൽ നല്ലൊരുഭാഗം തൊഴിലാളി സമൂഹവും കംപ്യൂട്ടർ പരിഞ്ജാനം കുറഞ്ഞവരും ഏതെങ്കിലും സ്പോൺസർമാരുടെ കീഴിൽ ജോലി ചെയ്യുന്നവരുമെന്നാണ് മനസിലാക്കുന്നത്. ഇ- ബാലറ്റ്/ ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുമ്പോൾ അവർ സ്വയമായിട്ടാണ് അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കുന്നത് എന്നത് ഉറപ്പുവരുത്തേണ്ട ചുമതല തിരഞ്ഞെടുപ്പ് കമ്മീഷനുണ്ട്. അവരുടെ സമ്മതിദാനാവകാശം ദുരുപയോഗം ചെയ്യാൻകഴിയാത്ത വിധത്തിൽ കുറ്റമറ്റരീതിയിലുമുള്ള ഒരു സാങ്കേതിക സംവിധാനം തയ്യാറാക്കുന്നതിന് വിശദമായ പഠനവും പരിശോധനയും ആവശ്യമാണ്. ഡീലിമിറ്റേഷൻ പൂർത്തിയാക്കി തിരഞ്ഞെടുപ്പ് നടത്തുന്നതുപോലും ഒരു വലിയ വെല്ലുവിളിയായിരിക്കെ ഇ-ബാലറ്റ്/ഇ-വോട്ടിംഗ് ഏർപ്പെടുത്തുന്നതിനുള്ള സമയമോ സാവകാശമോ ഇല്ലാത്ത അവസ്ഥയാണുള്ളത്.

ഏറെനാളുകളായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ നിയമപരവും സാങ്കേതികവുമായ കാര്യങ്ങൾ പരിശോധിച്ച് വരികയാണെങ്കിലും തീരുമാനത്തിലെത്തിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ആശ്രയിക്കാവുന്നതും അടിസ്ഥാനമാക്കാവുന്നതുമായ തരത്തിലുള്ള ഒരു ദൃഷ്ടാന്തമോ മാതൃകയോ ഇല്ലാതിരിക്കെ രണ്ടുമാസങ്ങൾ മാത്രം പൊതുതിരഞ്ഞെടുപ്പിന് അവശേഷിക്കുന്ന ഈ സന്ദർഭത്തിൽ പ്രവാസികൾക്ക് ഇ-ബാലറ്റ്/ഇ-വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് അപ്രായോഗികമാണെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

*(എസ്.ഇ.സി. 32/2015)*